# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 489 — 29/06/2011-ൽ മറുപടിയ്ക്ക്

## പേപ്പട്ടി വിഷപ്രതിരോധ മരുന്ന് പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ.എ. അസീസ്:<br>ശ്രീ കോവൂർ കുഞ്ഞുമോൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| പേപ്പട്ടി വിഷത്തിനെതിരെയുള്ള പ്രതിരോധ മരുന്ന് സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | പേവിഷബാധക്കെതിരെയുള്ള ഐ.ഡി.ആർ.വി പ്രതിരോധ മരുന്ന് സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് നൽകുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുകയാണ്. ഇതിനുള്ള ആദ്യഘട്ടമായി 5 സർക്കാർ മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തോടനുബന്ധിച്ചുള്ള ആന്റി റാബീസ് ക്ലിനിക്കുകളിലും ജില്ല/ജനറൽ ആശുപത്രികളിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. എല്ലാ ജില്ല/ജനറൽ ആശുപത്രികളിലും, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും, ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഐ. ഡി. ആർ. വി ഇപ്പോൾ ലഭ്യമാണ്. പേവിഷബാധക്കെതിരായ ചികിത്സയ്ക്കെത്തുന്ന ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ മുഴുവൻ രോഗികൾക്കും ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ പൂർണ്ണമായും സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പി.എച്ച് സി കളിലും പ്രസ്തുത വാക്സിൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഐ.ഡി.ആർ.വി വാക്സിൻ ആവശ്യപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ എല്ലാ ആശുപത്രികൾക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകൾ വഴി വിതരണം ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ